**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3251** **13-07-2022 - ൽ മറുപടിയ്ക്ക്**

**പെരിന്തൽമണ്ണ താലൂക്കിലെ ഭൂമി തരം മാറ്റൽ നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മഞ്ഞളാംകുഴി അലി | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ഭൂമി തരം മാറ്റലുമായി ബന്ധപ്പെട്ട് ഓരോ ജില്ലയിലും എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട് ; അതിൽ എത്ര അപേക്ഷകളിൽ തരം മാറ്റം അനുവദിച്ച് ഉത്തരവ് നൽകിയിട്ടുണ്ട്; നിരസിച്ചിട്ടുള്ള അപേക്ഷകളുടെ എണ്ണം എത്ര ; തീരുമാനം കൈക്കൊള്ളാൻ അവശേഷിക്കുന്നവ എത്ര ; വ്യക്തമാക്കുമോ; | (എ) | ഭൂമി തരം മാറ്റലുമായി ബന്ധപ്പെട്ട് ഓരോ ജില്ലയുടെയും വിവരങ്ങൾ പട്ടിക രൂപത്തിൽ അനുബന്ധമായി ചേർത്തിട്ടുള്ളതാണ്. |
| (ബി) | പെരിന്തൽമണ്ണ താലൂക്കിൽ ഭൂമി തരം മാറ്റലുമായി ബന്ധപ്പെട്ട് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; അതിൽ എത്ര അപേക്ഷകളിൽ തരം മാറ്റം അനുവദിച്ച് ഉത്തരവ് നൽകിയിട്ടുണ്ട്; നിരസിച്ചവ എത്ര; ഇനി തീരുമാനം കൈക്കൊള്ളാൻ അവശേഷിക്കുന്നവയുടെ എണ്ണം എത്ര; വ്യക്തമാക്കാമോ; | (ബി) | തരം മാറ്റലുമായി ബന്ധപ്പെട്ട് ലഭിച്ച അപേക്ഷകൾ - 1512<br><br>തരംമാറ്റി ഉത്തരവ് നൽകിയത് - 548<br><br>നിരസിച്ച അപേക്ഷകൾ - 155<br><br>തീരുമാനം എടുക്കാൻ ശേഷിക്കുന്നത് - 809 |
| (സി) | പ്രസ്തുത താലൂക്കിലെ അപേക്ഷകളിന്മേൽ തീരുമാനം കൈക്കൊള്ളാൻ അവശേഷിക്കുന്നവയിൽ ഏത് തീയതി മുതലുള്ള അപേക്ഷകളാണ് പെൻഡിംഗിൽ ഉള്ളതെന്ന് വ്യക്തമാക്കാമോ; തീർപ്പാക്കുന്നതിനുള്ള കാലതാമസത്തിന്റെ കാരണം വിശദമാക്കാമോ; | (സി) | 12.08.2021 മുതലുള്ള അപേക്ഷകളാണ് തീർപ്പാക്കാനായി ശേഷിക്കുന്നത്. കൃഷി ഓഫീസർ, വില്ലേജ് ഓഫീസർ എന്നിവരിൽ നിന്നും, ന്യൂനത പരിഹരിച്ച റിപ്പോർട്ട്, ലഭ്യമാകുന്ന മുറയ്ക്കാണ് അപേക്ഷയിൽ തീർപ്പ കൽപ്പിക്കുന്നത്. അപ്രകാരം റിപ്പോർട്ട് ലഭ്യമാക്കി, ശേഷിക്കുന്ന അപേക്ഷകളും, നിശ്ചിത സമയപരിധിക്കകം തീർപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുള്ളതാണ്. |
| (ഡി) | തീർപ്പാക്കാൻ ശേഷിക്കുന്ന അപേക്ഷകൾ എത്ര സമയത്തിനുള്ളിൽ തീർപ്പാക്കാൻ കഴിയുമെന്നാണ് കരുതുന്നതെന്ന് വ്യക്തമാക്കാമോ? | (ഡി) | സംസ്ഥാനത്തെ 27 ആർഡി ഓ ഓഫീസുകളിൽ, തലശ്ശേരി, കാസർഗോഡ്, തിരുവല്ല, അടൂർ, മാനന്തവാടി, നെടുമങ്ങാട്, ഇടുക്കി, ദേവികുളം എന്നീ 8 ആർ ഡിഓ ഓഫീസുകളിൽ തീർപ്പാക്കാനുള്ള ഓഫ് ലൈൻ അപേക്ഷകൾ ഓഗസ്റ്റ് മാസത്തിനകവും ബാക്കി വരുന്ന ആർ ഡിഓ ഓഫീസുകളിൽ ലഭിച്ചിട്ടുള്ള ഓഫ് ലൈൻ അപേക്ഷകൾ നവംബർ മാസത്തിനകവും തീർപ്പാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

| ക്രമ നമ്പർ | ജില്ല | ഓരോ ജില്ലയിലും ലഭിച്ച അപേക്ഷകൾ | | തരം മാറ്റം അനുവദിച്ച എണ്ണം | നിരസിച്ച എണ്ണം | തീർപ്പാക്കുവാൻ ശേഷിക്കുന്നത് |
|---|---|---|---|---|---|---|
| 1 | തിരുവനന്തപുരം | ഓഫ് ലൈൻ | 13089 | 9097 | 97 | 3992 |
| | | ഓൺലൈൻ | 7233 | 65 | 27 | 7168 |
| 2 | കൊല്ലം | ഓഫ് ലൈൻ | 14088 | 10053 | 59 | 4035 |
| | | ഓൺലൈൻ | 7981 | 116 | 33 | 7865 |
| 3 | പത്തനംതിട്ട | ഓഫ് ലൈൻ | 6074 | 5319 | 490 | 755 |
| | | ഓൺലൈൻ | 2250 | 164 | 68 | 2086 |
| 4 | ആലപ്പുഴ | ഓഫ് ലൈൻ | 25962 | 18484 | 838 | 7478 |
| | | ഓൺലൈൻ | 9799 | 88 | 30 | 9711 |
| 5 | കോട്ടയം | ഓഫ് ലൈൻ | 8867 | 6914 | 388 | 1953 |
| | | ഓൺലൈൻ | 4324 | 326 | 160 | 3998 |
| 6 | ഇടുക്കി | ഓഫ് ലൈൻ | 1832 | 1198 | 187 | 634 |
| | | ഓൺലൈൻ | 1186 | 20 | 0 | 1166 |
| 7 | എറണാകുളം | ഓഫ് ലൈൻ | 35758 | 16991 | 410 | 18767 |
| | | ഓൺലൈൻ | 19519 | 165 | 3 | 19354 |
| 8 | തൃശ്ശൂർ | ഓഫ് ലൈൻ | 17982 | 9969 | 531 | 8013 |
| | | ഓൺലൈൻ | 10511 | 109 | 24 | 10402 |
| 9 | പാലക്കാട് | ഓഫ് ലൈൻ | 15783 | 11012 | 762 | 4771 |
| | | ഓൺലൈൻ | 6354 | 12 | 1 | 6342 |
| 10 | കോഴിക്കോട് | ഓഫ് ലൈൻ | 19958 | 15852 | 773 | 4106 |
| | | ഓൺലൈൻ | 10818 | 26 | 10 | 10792 |
| 11 | മലപ്പുറം | ഓഫ് ലൈൻ | 17009 | 12473 | 991 | 4536 |
| | | ഓൺലൈൻ | 6626 | 157 | 64 | 6469 |
| 12 | വയനാട് | ഓഫ് ലൈൻ | 3122 | 2761 | 35 | 361 |
| | | ഓൺലൈൻ | 2298 | 83 | 5 | 2215 |
| 13 | കണ്ണൂർ | ഓഫ് ലൈൻ | 15470 | 13391 | 52 | 2079 |
| | | ഓൺലൈൻ | 6023 | 328 | 0 | 5695 |
| 14 | കാസർഗോഡ് | ഓഫ് ലൈൻ | 9415 | 8235 | 1730 | 1180 |
| | | ഓൺലൈൻ | 1813 | 76 | 0 | 1737 |
| | | ആകെ | 301144 | 143484 | 7768 | 157660 |